പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 294 — 26-09-2011 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന്റെ ഭവന ആവശ്യകത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ.<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി.<br>ശ്രീ. സി. മമ്മൂട്ടി.<br>ശ്രീ. കെ.എൻ.എ. ഖാദർ. | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) അടുത്ത അഞ്ചുവർഷക്കാലത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ ഭവന ആവശ്യകത സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ; | (ബി) 2011 കനേഷുമാരി കണക്കെടുപ്പിൽ ഭവനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളുടെ ക്രോഡീകരണം പൂർണ്ണമായിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 12-ാം പഞ്ചവത്സര പദ്ധതി കാലത്തിന്റെ അവസാനത്തിൽ പുതിയ കുടുംബങ്ങൾക്ക് 6.5 ലക്ഷം പാർപ്പിട യൂണിറ്റുകൾ ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. കൂടാതെ ഈ കാലഘട്ടത്തിൽ 5.5 ലക്ഷം വീടുകൾ പുനർനിർമ്മിക്കേണ്ടതായി വരുമെന്നും കണക്കാക്കുന്നു. |
| (സി) ആവശ്യകതയ്ക്കനുസരിച്ച് നിർമ്മാണ പ്രവർത്തനം നടത്താൻ ഏതൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ; | (സി) ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്ദിര ആവാസ് യോജന, രാജീവ് ആവാസ് യോജന, ബേസിക് സർവീസസ് റ്റു അർബൻ പുവർ, ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്പ്മെന്റ് പ്രോജക്റ്റ്, നാഷണൽ ഫിഷർമെൻ വെൽഫയർ ഫണ്ട് മുതലായവ പ്രകാരവും സംസ്ഥാനാവിഷ്കൃത പദ്ധതികളായ ഇ.എം.എസ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി, എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, സുരക്ഷാ പദ്ധതി മുതലായവ പ്രകാരവും സാമ്പത്തികമായി ദുർബ്ബലരായ ജനവിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി സർക്കാർ ധനസഹായം നൽകി വരുന്നു. ഇവയ്ക്കു പുറമേ സാമ്പത്തികമായി |

| | | | |
|---|---|---|---|
| | | | ദുർബ്ബലരായ ജനവിഭാഗങ്ങൾക്കുവേണ്ടി ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ 'സാഫല്യം' എന്ന നൂതന ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | ഇതിനായി എന്തു തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; അതിനുള്ള വിഭവ സമാഹരണം ഏതു വിധത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഇതിനായി പൂർണ്ണമായി എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ